ചെത്തുതൊഴിലാളികൾക്കു വീടുകൾ

* 248 [269] ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. പി. പ്രഭാകരൻ :
,, കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെത്തുതൊഴിലാളികൾക്ക് വീടുനിർമ്മാണത്തിനു വേണ്ടി ഹൗസിംഗ് ബോർഡുകളും വ്യവസായക്ഷേമനിധി ബോർഡും തമ്മിൽ വല്ല കരാറിലേർപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതനുസരിച്ച് എത്ര ചെത്തുതൊഴിലാളികൾക്ക് വീടു നിർമ്മിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) 120 വീടുകൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കേബിൾ ഫാക്ടറി

* 249 [270] ശ്രീ. തോമസ് കല്ലംപള്ളി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കേബിൾ ഫാക്ടറി ഈ സാമ്പത്തിക വർഷം തന്നെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) അതിനുവേണ്ട വൈദ്യുതി നൽകുന്നതിന് വൈദ്യുതി ബോർഡ് വല്ല സാങ്കേതിക തടസവും അറിയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ അതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) ട്രാക്കോ കേബിൾ കമ്പനിയുടെ ഭാഗമായ ജെല്ലി ഫിൽഡ് ടെലിഫോൺ കേബിൾ പ്രോജക്ട് (JFTCP) ആരംഭിക്കുന്നതിനുവേണ്ട പ്രാഥമിക നടപടികൾ പൂർത്തിയാക്കി. ഫാക്ടറിക്കാവശ്യമായ കെട്ടിടം പണി ഡിസംബർ മാസം തന്നെ തുടങ്ങണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(ബി) ഉണ്ട്.

(സി) ഇക്കാര്യത്തെ സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ചുവരുന്നു.

പാവപ്പെട്ടവർക്ക് പുതിയ ഭവനനിർമ്മാണ പദ്ധതി

* 250 [271] ശ്രീ. വി. വി. ജോസഫ് :
,, പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം പാവപ്പെട്ടവർക്കുവേണ്ടി പുതിയ ഭവനനിർമ്മാണ പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly